# 7. ഇസ്‌ലാമിക ധർമങ്ങൾ

വൈയക്തികവും സാമൂഹികവുമായ ജീവിതത്തിന്റെ താളക്രമം നിലനിർത്താനാവശ്യമായ നിയമങ്ങളും ഇസ്‌ലാം വിശദീകരിക്കുന്നുണ്ട്. ഉത്തമ ഗുണങ്ങളുടെ പൂർത്തീകരണാർഥമാണ് താൻ നിയുക്തനായിട്ടുള്ളതെന്ന് നബി പ്രസ്താവിക്കുകയുണ്ടായി (ബൈഹഖി). നബിയുടെ ജീവിതമാണ് ഇസ്‌ലാമിക സദാചാരത്തിന്റെ മൂർത്തരൂപമെന്ന് ഖുർആൻ (68: 4) പറയുന്നു. നബിയുടെ സ്വഭാവം ഖുർആനായിരുന്നു എന്ന് നബിയുടെ പത്നി ആഇശഃയും പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ കെട്ടുറപ്പിനും വിജയത്തിനും ആവശ്യമായ സദ്ഗുണങ്ങളെക്കുറിച്ച് ഖുർആനിലും ഹദീഥിലും വിശദമായ പ്രതിപാദനങ്ങൾ കാണാം.

ഇസ്‌ലാമിക സദാചാര സങ്കല്പം മൂർത്തമായി പ്രതിഫലിപ്പിക്കുന്ന ഒരു ഖുർആൻ സൂക്തം ഇപ്രകാരമാണ്: "ദൈവത്തെ സേവിക്കുവിൻ. അവന്ന് പകരക്കാരനായി ഒന്നിനെയും കല്പിക്കാതിരിക്കുവിൻ. മാതാപിതാക്കളുമായി നന്മയിൽ വർത്തിക്കുവിൻ. ബന്ധുക്കളോടും അനാഥകളോടും അഗതികളോടും ബന്ധുവായ അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനതയിലുള്ള ദാസീ-ദാസൻമാരോടും നന്നായി വർത്തിക്കുവിൻ. അഹന്തയിൽ വഞ്ചിതരും, താൻപോരിമയിൽ ഞെളിയുന്നവരുമായ ആരെയും ദൈവം ഒരിക്കലും ഇഷ്ടപ്പെടുകയില്ല. സ്വയം ലുബ്ധരാവുകയും ആളുകളെ ലുബ്ധ് ഉപദേശിക്കുകയും ദൈവം നല്കിയ അനുഗ്രഹങ്ങളെ പൂഴ്ത്തിവയ്ക്കുകയും ചെയ്യുന്നവരെയും ദൈവം ഇഷ്ടപ്പെടുകയില്ല. അത്തരം കൃതഘ്നർക്കായി ഹീനമായ ശിക്ഷയാകുന്നു നാം ഒരുക്കി വച്ചിരിക്കുന്നത്. ജനത്തെ കാണിക്കുന്നതിനുവേണ്ടി ധനം ചെലവഴിക്കുന്നവരും ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവരുമായ ആളുകളും ദൈവത്തിന്റെ അതൃപ്തിക്ക് പാത്രമായവരാകുന്നു. സത്യമിതത്രെ! സാത്താൻ ആരുടെ കൂട്ടാളിയാകുന്നുവോ അവന്റെ കൂട്ട് അത്യന്തം ദുഷിച്ചുപോയി"(4: 36-38). മറ്റൊരു സ്ഥലത്ത് ഖുർആൻ ഇപ്രകാരം പറയുന്നു: "വിശ്വാസികളേ, പുരുഷന്മാർ മറ്റു പുരുഷന്മാരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ ശ്രേഷ്ഠരായെന്ന് വരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയോ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്നവരെക്കാൾ ശ്രേഷ്ഠകളായെന്ന് വരാം. നിങ്ങൾ പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കയുമരുത്. വിശ്വാസം കൈക്കൊണ്ട ശേഷം വഷളായ പേരുകൾ വിളിക്കുകയെന്നത് അത്യന്തം മോശപ്പെട്ട കാര്യമത്രെ. ഈ സ്വഭാവത്തിൽനിന്നു പിന്തിരിയാത്തവർ ധിക്കാരികൾ തന്നെയാകുന്നു. ഊഹത്തിൽ അധികവും നിങ്ങൾ വർജിക്കുക. എന്തുകൊണ്ടെന്നാൽ ചില ഊഹങ്ങൾ കുറ്റമാകുന്നുണ്ട്. ചുഴിഞ്ഞന്വേഷിക്കരുത്. നിങ്ങളിൽ ആരും ആരെക്കുറിച്ചും പരദൂഷണം പറയരുത്. നിങ്ങളിലാരെങ്കിലും മരിച്ച സഹോദരന്റെ മാംസം തിന്നാനിഷ്ടപ്പെടുമോ? നിങ്ങളത് വെറുക്കുകയാണല്ലോ! നിങ്ങൾ അല്ലാഹുവിനോട് ഭക്തിപുലർത്തുക. അല്ലാഹു വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനും ദയാപരനുമാകുന്നു"(49: 11-12).

ഈ ഖുർആൻ സൂക്തങ്ങളിൽ ഉപദേശിക്കപ്പെട്ട ധാർമിക ഗുണങ്ങളോട് ആരും വിയോജിക്കാനിടയില്ല. എന്നാൽ, മനുഷ്യന്റെ സൃഷ്ടിപ്പിൽ നന്മയുടെ അംശങ്ങൾ ഉള്ളതുപോലെ തിന്മയുടെ അംശങ്ങളുമുണ്ട്. അതുമൂലം അവൻ കോപിക്കും. പ്രലോഭനങ്ങൾക്ക് വഴങ്ങും. ദുർബലരെയും സ്വയം പ്രതിരോധിക്കാൻ ശേഷിയില്ലാത്തവരെയും ഉപദ്രവിക്കും. പക്ഷേ, ഈ ദൗർബല്യങ്ങൾക്ക് ഒരു മറുവശവുമുണ്ട്. അതായത് തെറ്റ് ചെയ്തു കഴിഞ്ഞശേഷം അവൻ പശ്ചാത്തപിക്കുന്നു. മനുഷ്യനിലെ സദ്മനോഭാവമാണ് ഇതിന് പ്രേരണ. പശ്ചാത്താപ വിവശനാകുമ്പോൾ ചെയ്ത തെറ്റ് അവൻ തിരുത്താൻ ശ്രമിക്കുന്നു.

ഇസ്‌ലാമിൽ തെറ്റുകളെ രണ്ട് ഇനങ്ങളായി തിരിക്കാം. ഒന്ന്, ദൈവത്തിന്റെ അവകാശങ്ങൾക്കെതിരെ ചെയ്യുന്നത്. അവിശ്വാസം, ആരാധനകളോടുള്ള അവഗണന തുടങ്ങിയവ ഉദാഹരണം. രണ്ട്, മനുഷ്യന്റെ അവകാശങ്ങൾക്കെതിരെ ചെയ്യുന്നത്. ഒന്നാമത്തെ തെറ്റിനുള്ള പ്രായശ്ചിത്തം അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങലാണ്. രണ്ടാമത്തെ തെറ്റിൽനിന്ന് രക്ഷപ്പെടണമെങ്കിൽ അല്ലാഹുവോടുള്ള പശ്ചാത്താപത്തോടൊപ്പം അക്രമത്തിനിരയായവർ പൊറുത്തുകൊടുക്കുകയും വേണം.

ഇസ്‌ലാമിക സദാചാരത്തിന്റെ മുഖ്യ പ്രചോദനം പരലോക വിശ്വാസമാണ്. നിയമംകൊണ്ട് മാത്രം ഒരാളെയും പൂർണമായും ധാർമിക നിഷ്ഠയുള്ളവനാക്കി മാറ്റാൻ കഴിയുകയില്ല. ഇഹലോക ജീവിതം ഒരു പരീക്ഷണമാണ്. പരീക്ഷയുടെ അന്തിമഫലം ഈ ലോകത്ത് ലഭ്യമല്ല. മുഴുവൻ മനുഷ്യവംശത്തിന്റെയും പ്രവർത്തനങ്ങൾ സമാപിക്കുന്നതോടെ പരലോകത്ത് വെച്ചാണ് ഫലപ്രഖ്യാപനം നടക്കുന്നത്. സൂക്ഷ്മ വിചാരണയും കണക്ക് പരിശോധനയും വഴി വിജയിയെയും പരാജിതനെയും നിർണയിക്കുന്നു. വിജയിക്ക് സ്വർഗവും പരാജിതന്ന് നരകവും പ്രതിഫലമായി ലഭിക്കുന്നു. ഈ ബോധം മനസ്സിൽ അടിയുറച്ച ഒരാൾ തിൻമകളിൽനിന്ന് എപ്പോഴും അകന്നു നില്ക്കും. പരലോകവിശ്വാസം അടിത്തറയായി സ്വീകരിക്കുന്നത് മൂലം നാഗരികതയുടെയും സംസ്കാരത്തിന്റെയും വികാസത്തോടൊപ്പം സദാചാര വിഭാവനയിൽ വിശാലത കൈവരുമെങ്കിലും കാലത്തിന്റെ മാറ്റത്തിനനുസരിച്ചും മറ്റും അത് മാറ്റത്തിന് വിധേയമാവുകയില്ല. ചില മതങ്ങളെപ്പോലെ അതീവ കർശനമോ ഭൗതിക പ്രത്യയ ശാസ്ത്രങ്ങളെപ്പോലെ കുത്തഴിഞ്ഞതോ അല്ല ഇസ്‌ലാമിക സദാചാരം. പ്രായോഗികമായ ഒരു മധ്യമാർഗമാണ് സദാചാര വിഷയത്തിലും ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളത്. വംശം, ദേശം, ഭാഷ, വർണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പക്ഷപാതിത്വങ്ങൾ ഒരിക്കലും ഇസ്‌ലാമിക സദാചാരത്തെ ബാധിക്കുകയില്ല.

വ്യക്തികൾക്കും സമൂഹത്തിനും അർഹമായ പരിഗണന നല്കുന്നുവെന്നതാണ് ഇസ്‌ലാമിക സദാചാരത്തിന്റെ മറ്റൊരു സവിശേഷത. വ്യക്തിയുടെ താൽപര്യത്തിന് വേണ്ടി സമൂഹത്തിന്റെ ന്യായമായ അവകാശങ്ങൾ ഹനിക്കുകയോ സമൂഹത്തിന്റെ താൽപര്യത്തിന് വേണ്ടി വ്യക്തിയുടെ ന്യായമായ അവകാശങ്ങൾ തടയുകയോ ചെയ്യുന്നില്ല. വ്യക്തിയുടെ ആനന്ദത്തോടൊപ്പം കുടുംബത്തിന്റെയും സമൂഹത്തിന്റെയും മുഴുവൻ മനുഷ്യരാശിയുടെയും ആനന്ദാനുഭൂതിയാണ് ഇസ്‌ലാമിൽ സദാചാരത്തിലൂടെ ലഭ്യമാകുന്നത്. ഈ ആനന്ദാനുഭൂതി പരമമായി ലഭിക്കുന്നതാകട്ടെ ദൈവിക കല്പന അനുസരിക്കുന്നതിലൂടെ മാത്രമാണ്.

ജീവിതചര്യകളെ സാകല്യേന സംസ്കരിക്കുന്ന പദ്ധതിയാണ് ദീനുൽ ഇസ്‌ലാം. ഇസ്‌ലാം അനുശാസിക്കുന്ന എല്ലാ നടപടികളും ധാർമികമാകുന്നു. ഇസ്‌ലാമിക ശാസനകൾക്കു വിരുദ്ധമായതെല്ലാം അധർമവും. കർമപ്രമാണങ്ങൾ അനുശാസിച്ചിട്ടുള്ള പഞ്ചകർമങ്ങൾ തന്നെയാണ് ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട സത്ചര്യ. അവയുടെ വർജനം സദാചാര

വിരുദ്ധമായ നടപടിയാകുന്നു. ഖുർആനും സുന്നതും താൽപര്യപ്പെടുന്ന എല്ലാ കർമങ്ങളും സദാചാരങ്ങളാകയാൽ ഇസ്‌ലാമിലെ സദാചാരങ്ങളെയും ദുരാചാരങ്ങളെയും എണ്ണിപ്പറയാനാവില്ല. എങ്കിലും നിത്യജീവിതത്തിൽ പാലിക്കുവാൻ ഖുർആൻ അനുശാസിച്ചിട്ടുള്ള സാമാന്യധർമങ്ങളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു:

1. കുടുംബസേവനവും സംരക്ഷണവും: "നിന്റെ നാഥൻ വിധിച്ചിരിക്കുന്നു: നിങ്ങൾ അവന്നല്ലാതെ മറ്റാർക്കും ഇബാദത് ചെയ്യരുത്. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം. അവരിൽ ഒരാളോ രണ്ടു പേരുമോ നിന്റെയടുക്കൽ വാർധക്യം പ്രാപിക്കുന്നുവെങ്കിൽ, അപ്പോൾ നീ അവരോട് 'ഛെ' എന്നുപോലും പറയരുത്. പരുഷമായി സംസാരിക്കരുത്. ആദരവോടെ സംസാരിക്കണം. അവരോട് കനിവോടും കാരുണ്യത്തോടും കൂടി വിനീതമായി പെരുമാറണം." (17: 23, 24).

"കുടുംബ ബന്ധുവിന് അവന്റെ അവകാശം നല്കണം" (17: 27). നീ ആഗ്രഹിക്കുന്ന ദൈവാനുഗ്രഹം പ്രതീക്ഷിച്ചുകൊണ്ട്, ബന്ധുക്കളുടെ ആവശ്യങ്ങളെ അവഗണിക്കേണ്ടി വന്നാൽ, അപ്പോൾ അവരോട് സൗമ്യമായി സംസാരിക്കണം." (17: 28).

"സന്തതികളെ ദാരിദ്ര്യം ഭയന്ന് കൊന്നുകളയരുത്. അവർക്ക് അന്നം നല്കുന്നത് നാം (ദൈവം) ആകുന്നു; നിങ്ങൾക്കും. അവരെ കൊന്നുകളയുന്നത് മഹാപാതകമാകുന്നു." (17: 31).

"ഭർത്താക്കന്മാർ ഭാര്യമാരുടെ നാഥൻമാരാകുന്നു. അല്ലാഹു സൃഷ്ടികളിൽ ചിലരെ മറ്റു ചിലരെക്കാൾ മികച്ചവരാക്കിയിട്ടുള്ളതുകൊണ്ടും പുരുഷൻമാർ അവരുടെ ധനം ചെലവഴിക്കുന്നതുകൊണ്ടുമാണത്. അതിനാൽ സദ്‌വൃത്തകളായ വനിതകൾ അനുസരണമുള്ളവരാകുന്നു." (4: 35). "നിങ്ങൾ (ഭർത്താക്കൻമാർ) അവരോട് (ഭാര്യമാരോട്) മാന്യമായി വർത്തിക്കേണ്ടതാകുന്നു"(4: 19). "അവർ (ഭാര്യമാർ) നിങ്ങളുടെ (ഭർത്താക്കൻമാരുടെ) വസ്ത്രമാകുന്നു. നിങ്ങൾ അവരുടെയും വസ്ത്രമാകുന്നു" (2: 187).

2. സമൂഹത്തിലെ ഇതര അംഗങ്ങളോട് സമത്വ ഭാവേനയും സദ്‌വിചാരത്തോടെയും പരസ്പര ബഹുമാനത്തോടെയും വർത്തിക്കുക; നല്ല കാര്യങ്ങളിൽ പരസ്പരം സഹകരിക്കുകയും ചീത്ത കാര്യങ്ങളിൽ നിസ്സഹകരിക്കുകയും ചെയ്യുക. "അല്ലയോ മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമത്രെ നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയേണ്ടതിനാകുന്നു. നിങ്ങളിൽ ഏറ്റം ദൈവഭക്തിയുള്ളവനാകുന്നു അല്ലാഹുവിങ്കൽ ഏറ്റം ഔന്നത്യമുള്ളവൻ"(49: 13). "അല്ലയോ വിശ്വാസികളേ, പുരുഷൻമാർ മറ്റു പുരുഷൻമാരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ ശ്രേഷ്ഠരായെന്നുവരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളെക്കാൾ ശ്രേഷ്ഠകളായെന്നു വരാം. നിങ്ങൾ പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കരുത്. വിശ്വാസം കൈക്കൊണ്ട ശേഷം ദുഷ്പേരുകൾ ഉപയോഗിക്കുന്നത് അത്യന്തം മോശപ്പെട്ട കാര്യമത്രെ. അതിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങാത്തവർ ധിക്കാരികൾ തന്നെയാകുന്നു. അല്ലയോ വിശ്വസിച്ചവരേ, ഊഹങ്ങൾ വർജിക്കുക. ചില ഊഹങ്ങൾ പാപനിമിത്തമാകുന്നു. ആളുകളുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്. പരദൂഷണം പറയരുത്. നിങ്ങളിലൊരുവൻ തന്റെ മരിച്ച സഹോദരന്റെ മാംസം തിന്നാനിഷ്ടപ്പെടുമോ? അതു നിങ്ങൾ വെറുക്കുകയാണല്ലോ. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു പശ്ചാത്താപം കൈക്കൊള്ളുന്നവനും ദയാപരനുമാകുന്നു" (49: 11, 12). "വിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗം തമ്മിലടിക്കാനിടയായാൽ... നിങ്ങൾ അവർക്കിടയിൽ നീതിപൂർവം അനുരഞ്ജനമുണ്ടാക്കണം. നിങ്ങൾ നീതിപാലിക്കുവിൻ, നിശ്ചയം നീതിമാൻമാരെ അല്ലാഹു സ്നേഹിക്കുന്നു. വിശ്വാസികൾ പരസ്പരം സഹോദരൻമാർ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ സഹോദരൻമാർക്കിടയിലെ ബന്ധങ്ങൾ നന്നാക്കുവിൻ" (49: 9,10). "നൻമയുടേതും ദൈവഭക്തിയുടേതുമായ കാര്യങ്ങളിലൊക്കെയും നിങ്ങൾ പരസ്പരം സഹകരിക്കേണ്ടതാകുന്നു. പാപകരവും അതിക്രമപരവുമായ കാര്യങ്ങളിൽ ആരോടും സഹകരിച്ചുകൂടാത്തതുമാകുന്നു." (5: 2)

3. അക്രമവും നശീകരണവും ഹിംസയും വർജിക്കുക: "അല്ലാഹുവിന്റെ നിയമ പരിധികൾ മറികടക്കുന്നവൻ തന്നോടു തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു" (5:1). "അല്ലാഹുവിന്റെ നിയമപരിധികൾ ലംഘിക്കുന്നവരാരോ അവർ തന്നെയാകുന്നു അക്രമികൾ"(2: 229). "അതിക്രമം പ്രവർത്തിച്ചവർ പിന്നീട് എന്തൊരു പരിണതിയിലേക്കാണ് അവർ മറിക്കപ്പെടുക എന്ന് അനുഭവിച്ചറിയുക തന്നെ ചെയ്യും" (26: 227). "അക്രമം പ്രവർത്തിച്ചവർക്ക് വേദനയേറിയ ഒരു ശിക്ഷാനാളിനാൽ മഹാനാശമുണ്ട്"(43: 65). "അല്ലാഹു അവന്റെ ദാസൻമാരോട് ഒട്ടും അക്രമം ഉദ്ദേശിക്കുന്നില്ല" (40: 31). "അല്ലാഹു മനുഷ്യരോട് ഒട്ടും അക്രമം പ്രവർത്തിക്കുന്നില്ല. മറിച്ച് മനുഷ്യർ അവരോടു തന്നെ അക്രമം പ്രവർത്തിക്കുകയാകുന്നു" (10: 44).

"ഭൂമിയിൽ നാശകാരികളായി വിഹരിക്കരുത്" (2: 60). "നശീകരണ പ്രവർത്തനങ്ങളെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല" (2: 205). "മനുഷ്യഹസ്തങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും വിനാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു; അവർ തങ്ങളുടെ ചില കർമങ്ങളുടെ രുചിയറിയേണ്ടതിന്. അവർ മടങ്ങിയെങ്കിലോ."(30: 41) "അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും ഭൂമിയിൽ നാശമുണ്ടാക്കാൻ യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ കൈകാലുകൾ വിപരീതമായി ഛേദിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ആകുന്നു." (5: 33)

"ഒരു ജീവന്നു പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ഒരുവൻ ഒരു മനുഷ്യനെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതു പോലെയാകുന്നു. ഒരുവൻ ആർക്കെങ്കിലും ജീവൻ നല്കിയാൽ അവൻ മുഴുവൻ മനുഷ്യർക്കും ജീവൻ നല്കിയതുപോലെയുമാകുന്നു" (5: 32). "കരുണാമയനായ അല്ലാഹുവിന്റെ യഥാർഥ ദാസൻമാർ, അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തെ പ്രാർഥിക്കാത്തവരും അല്ലാഹു ആദരിച്ച ഒരു ജീവനെയും അന്യായമായി ഹിംസിക്കാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു" (25: 68). "അല്ലാഹു ആദരിച്ച ജീവനെ നിങ്ങൾ അന്യായമായി കൊല്ലരുത്. ആരെങ്കിലും മർദ്ദിതനായി കൊല്ലപ്പെട്ടാൽ അവന്റെ ഉറ്റവന്ന് നാം പ്രതിക്രിയാവകാശം നിശ്ചയിച്ചിരിക്കുന്നു. അതിനാൽ അമിത ഹിംസയരുത്. ഹിംസക്കു വിധേയനാകുന്നവൻ സഹായിക്കപ്പെടുന്നതാകുന്നു." (17: 33)

4. വ്യഭിചാരവും അവിഹിതമായ ലൈംഗികാസക്തിയെ ഉദ്ദീപിപ്പിക്കുന്ന നടപടികളും വർജിക്കുക: "നിങ്ങൾ വ്യഭിചാരത്തോടടുക്കരുത്. അത് തീരെ നികൃഷ്ടമായ നടപടിയും ദുഷിച്ച മാർഗവുമാകുന്നു"(17: 32). "വ്യഭിചാരിയെയും വ്യഭിചാരിണിയെയും നൂറു വീതം അടിക്കേണ്ടതാകുന്നു" (24: 2). "വിശ്വാസികളോടു പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ അനാശാസ്യ ദൃശ്യങ്ങളിൽനിന്ന് താഴ്ത്തി വച്ചുകൊള്ളട്ടെ. തങ്ങളുടെ ഗുഹ്യഭാഗങ്ങൾ കാത്തുകൊള്ളുകയും ചെയ്യട്ടെ. അതാണ് അവർക്ക് ഏറ്റം പരിശുദ്ധമായ നടപടി.... വിശ്വാസിനികളോടും പറയുക: അവരും അനാശാസ്യ ദൃശ്യങ്ങളിൽ നിന്ന് ദൃഷ്ടി താഴ്ത്തി വയ്ക്കുകയും ഗുഹ്യഭാഗങ്ങൾ കാത്തു കൊള്ളുകയും ചെയ്യട്ടെ. അവരുടെ മെയ്യഴകു പ്രദർശിപ്പിക്കാതെയുമിരിക്കട്ടെ. സ്വയം വെളിവായതൊഴിച്ച്. അവരുടെ മുഖപടം താഴ്ത്തിയിട്ട് മാറുകൾ മറയ്ക്കട്ടെ- ഭർത്താക്കൾ, പിതാക്കൾ, ഭർത്തൃപിതാക്കൾ, പുത്രൻമാർ, ഭർത്തൃപുത്രൻമാർ, സഹോദരൻമാർ, സഹോദരപുത്രൻമാർ, സഹോദരീപുത്രൻമാർ, നിരന്തരം ഇടപഴകുന്ന സ്ത്രീകൾ, ദാസീദാസൻമാർ, ദുർവിചാരങ്ങളില്ലാത്ത വേലക്കാർ, സ്ത്രീ രഹസ്യങ്ങളറിഞ്ഞിട്ടില്ലാത്ത കുട്ടികൾ എന്നിവർക്കൊഴികെ. അവരുടെ ഗുപ്ത സൗന്ദര്യം ആളുകൾ അറിയുന്നതിനുവേണ്ടി കാലുകൾ നിലത്തടിച്ചു നടക്കുകയുമരുത്" (24: 30, 31). "നിങ്ങൾ (സ്ത്രീകൾ) വീടുകളിൽ അടങ്ങിയിരിക്കുക. ജാഹിലിയ്യാ കാലത്തെന്നപോലെ മെയ്യഴകും കാട്ടി വിലസി നടക്കരുത്." (33: 33)

5. തനിക്ക് അവകാശപ്പെട്ടതും ശുദ്ധവുമായ വിഭവങ്ങളേ ഭക്ഷിക്കാവൂ. "മനുഷ്യരേ, ഭൂമിയിലുള്ള വിഹിതവും ശുദ്ധവുമായ

വിഭവങ്ങൾ ഭക്ഷിച്ചുകൊള്ളുക" (2: 168). "അല്ലാഹു നിങ്ങൾക്ക് അനുവദനീയവും ശുദ്ധവുമായി ഏകിയിട്ടുള്ള വിഭവങ്ങൾ ഭക്ഷിച്ചുകൊള്ളുക" (5: 88). "ശവവും രക്തവും പന്നിമാംസവും, അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ട മാംസവും നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (5: 3)

6. മദ്യം, മയക്കുമരുന്ന്, ചൂതാട്ടം, മിഥ്യയായ പ്രവചന തന്ത്രങ്ങൾ മുതലായവ വർജിക്കുക: "അല്ലയോ വിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നാസ്ത്രങ്ങളുമെല്ലാം പൈശാചിക വൃത്തികളിൽപെട്ട മാലിന്യങ്ങളാകുന്നു. അവയെ വർജിക്കുക.... മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ പകയും വിദ്വേഷവും സൃഷ്ടിക്കുന്നതിനും നിങ്ങളെ ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും തടയുന്നതിനുമാകുന്നു ചെകുത്താൻ ആഗ്രഹിക്കുന്നത്." (5: 90, 91)

7. പലിശ, ചൂതാട്ടം, കൈക്കൂലി, മോഷണം, വിശ്വാസ വഞ്ചന, പൂഴ്ത്തിവയ്പ്പ്, അളവ് തൂക്കങ്ങളിൽ വെട്ടിപ്പ് തുടങ്ങിയ സാമ്പത്തിക തിൻമകൾ വർജിക്കുക: "വ്യാപാര ഇടപാടിനെ അല്ലാഹു അനുവദനീയവും പലിശയിടപാടിനെ നിഷിദ്ധവുമാക്കിയിരിക്കുന്നു" (2: 275). "നിങ്ങളുടെ ധനം അന്യോന്യം അന്യായമായി തിന്നരുത്. അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം അന്യായമായി അനുഭവിക്കുന്നതിനുവേണ്ടി നിങ്ങൾ അതുമായി അധികാരികളെ സമീപിക്കുകയുമരുത്" (2: 188). "മോഷ്ടിക്കുന്ന സ്ത്രീയുടെയും പുരുഷന്റെയും കരം ഛേദിക്കേണ്ടതാകുന്നു" (5: 38). "വിശ്വസിച്ചേല്പിച്ച മുതലുകൾ അവയുടെ ഉടമകൾക്ക് തിരിച്ചു കൊടുക്കുവാൻ അല്ലാഹു നിങ്ങളോടു കല്പിക്കുന്നു"(4: 58). "നിങ്ങൾ പരസ്പരം വിശ്വസിച്ച് ഇടപാട് ചെയ്താൽ വിശ്വസിക്കപ്പെട്ടവൻ വിശ്വസിച്ചവന്റെ വിശ്വാസം നിറവേറ്റട്ടെ" (2: 283). "ജനങ്ങളേ, നിങ്ങളുടെ മുതലുകൾ നിഷിദ്ധമാർഗങ്ങളിലൂടെ പരസ്പരം തിന്നാതിരിക്കുക. അത് ഉഭയ സമ്മതത്തോടെയുള്ള ക്രയവിക്രയമായിരിക്കണം" (4: 29). "നിങ്ങൾ അളക്കുമ്പോൾ തികച്ചളക്കുക, ശരിയായ ത്രാസുകൊണ്ട് തൂക്കുകയും ചെയ്യുക" (17: 35). "ആളുകളെ അവരുടെ സാധനങ്ങളിൽ വെട്ടിക്കാതിരിക്കുക" (7: 85). വിശ്വാസ വഞ്ചന കപടവിശ്വാസിയുടെ ലക്ഷണമാണെന്നും പൂഴ്ത്തിവയ്പ്പുകാരൻ മുസ്‌ലിം സമൂഹത്തിൽ പെട്ടവനല്ലെന്നും പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്.

8. ധൂർത്തും ദുർവ്യയവും ലുബ്ധും വർജിക്കുക: "നീ ധൂർത്തടിക്കരുത്. ധൂർത്തൻമാർ ചെകുത്താന്റെ സഹോദരങ്ങളാകുന്നു. ചെകുത്താനോ, അവന്റെ നാഥനോട് നന്ദികെട്ടവനായിരിക്കുന്നു"(17: 26, 27). "നിന്റെ കരം നീ പിരടിയിൽ കെട്ടിവയ്ക്കരുത്. മുഴുവനായി തുറന്നിടുകയുമരുത്. അങ്ങനെയായാൽ നീ ദുഃഖിതനായി ഇരുന്നുപോകും." (17: 29). "തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ദുർവ്യയമരുത്" (7: 31). "കരുണാമയന്റെ ദാസൻമാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്കുകയോ ചെയ്യാതെ രണ്ടിനുമിടയിൽ മിതമായ മാർഗം സ്വീകരിക്കുന്നവരാകുന്നു" (25: 67). "സ്വന്തം മനസ്സിന്റെ ലാഭത്തെ സൂക്ഷിക്കുന്നവരാരോ അവരാകുന്നു വിജയിച്ചവർ" (59: 9)

9. ഉത്തരവാദിത്വങ്ങളും കരാറുകളും കണിശമായി പാലിക്കുക: "വിജയിച്ച വിശ്വാസികൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളും കരാറുകളും കണിശമായി പാലിക്കുന്നവരാകുന്നു" (23: 8). "കരാറുകൾ പാലിക്കുവിൻ, നിശ്ചയം കരാറുകളെ കുറിച്ച് പരലോകത്ത് ചോദിക്കപ്പെടുന്നതാകുന്നു" (17: 34). കരാർ ലംഘനം കപടവിശ്വാസിയുടെ ലക്ഷണമായി പ്രവാചകൻ നിർദേശിച്ചിട്ടുണ്ട്.

10. സത്യം പറയുക, നീതിപാലിക്കുക, നീതിക്കു സാക്ഷികളാവുക: "സത്യവിശ്വാസികേളേ, അല്ലാഹുവിനോടു ഭക്തി പുലർത്തുവിൻ. സത്യമായതുമാത്രം പറയുകയും ചെയ്യുവിൻ" (33: 70). "സത്യംപറയുക; അതെത്ര കയ്പുള്ളതായാലും ശരി" (പ്രവാചകൻ). "നീതി പാലിക്കുവിൻ, നീതിമാൻമാരെയാണ് അല്ലാഹു സ്നേഹിക്കുന്നത്" (49: 9). "നിങ്ങൾ സംസാരിക്കുമ്പോൾ നീതി പാലിക്കുക; അത് നിങ്ങളുടെ ഉറ്റവർക്ക് എതിരാകുമെങ്കിൽ പോലും" (6: 152). "വിശ്വാസികളേ, അല്ലാഹുവിനുവേണ്ടി നേർവഴിയിൽ ഉറച്ചു നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനത്തോടുള്ള വിരോധം നിങ്ങളെ നീതിയിൽനിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതിപാലിക്കുവിൻ. അതാണ് ദൈവഭക്തിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ളത്" (5: 8). "നിങ്ങൾ സാക്ഷ്യം പൂഴ്ത്തിവയ്ക്കരുത്. സാക്ഷ്യം പൂഴ്ത്തിവയ്ക്കുന്നവന്റെ മനസ്സ് പാപഗ്രസ്തമാകുന്നു." (2: 283)

11. അനാഥരെയും അഗതികളെയും സംരക്ഷിക്കുക: "ദീനിനെ തള്ളിപ്പറയുന്നവനെ നീ കണ്ടുവോ, അനാഥരെ ആട്ടിയകറ്റുന്നവനും അഗതികൾക്കാഹാരം നല്കാൻ പ്രേരിപ്പിക്കാത്തവനുമാകുന്നു അത്" (107: 1-3). "ബന്ധുക്കൾക്കും അഗതികൾക്കും അഭയാർഥികൾക്കും അവരുടെ അവകാശം നല്കണം" (30: 38). "അനാഥരുടെ സ്വത്തിനോട് നിങ്ങൾ അടുക്കരുത്- ഏറ്റവും നല്ല നിലയിലല്ലാതെ. അനാഥൻ യൗവനം പ്രാപിച്ചു ശക്തനാകുന്നതുവരെ അതു നോക്കി സംരക്ഷിക്കണം." (17: 34)

12. നേതൃത്വത്തെ അനുസരിക്കുക: "നിങ്ങൾ അല്ലാഹുവിനെ അനുസരിക്കണം. ദൈവദൂതനെയും അനുസരിക്കണം. നിങ്ങളുടെ കൈകാര്യ കർത്താക്കളെയും അനുസരിക്കണം" (4: 59). "അതിരു കടന്നവരുടെ കല്പനയെ നിങ്ങൾ അനുസരിക്കരുത്." (26: 151).

13. അനാശാസ്യമായ എല്ലാത്തിൽനിന്നും അകന്നു നില്ക്കുക: "വിജയിക്കുന്ന വിശ്വാസികൾ അനാവശ്യങ്ങളെ അവഗണിക്കുന്നവരാകുന്നു" (23: 3). "കരുണാമയനായ അല്ലാഹുവിന്റെ ദാസൻമാർ അസത്യത്തിനു സാക്ഷികളാവാത്തവരും അനാവശ്യ കാര്യങ്ങൾക്കരികിലൂടെ കടന്നുപോകാനിടയായാൽ മാന്യരായി കടന്നു പോകുന്നവരുമാകുന്നു." (25: 72)

14. സമൂഹത്തിൽ നൻമകൾ പ്രചരിപ്പിക്കുകയും തിൻമകൾ തടയുകയും ചെയ്യുക: "വിജയിക്കുന്ന വിശ്വാസികൾ സംസ്കരണ പ്രവർത്തനങ്ങളിലേർപ്പെടുന്നവരാകുന്നു"(23: 4). "നിങ്ങൾ മനുഷ്യലോകത്തിനുവേണ്ടി എഴുന്നേല്പിക്കപ്പെട്ട ഉത്തമ സമുദായമാകുന്നു. നിങ്ങൾ നൻമ കല്പിക്കുകയും തിൻമ വിരോധിക്കുകയും ചെയ്യും. അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (3: 110).